# അക്കാദമിക മാസ്റ്റർ പ്ലാൻ 2025-26

GLPS മണിമരുന്തുംചാൽ

# വിദ്യാലയത്തെക്കുറിച്ച്

വശ്യ മനോഹരിയായ പെരിയാർ നദിയുടെ തീരത്ത് നേര്യമംഗലം ടൗണിൽ നിന്ന് മൂന്ന് കിലോമീറ്റർ മാറി നേര്യമംഗലം ആവോലി ചാൽ റൂട്ടിൽ മണിമരുതുംചാൽ എന്ന സ്ഥലത്താണ് ഈ സ്ഥാപനം സ്ഥിതി ചെയ്യുന്നത്. മെയിൻ റോഡിൽ നിന്നും അല്പം ഉള്ളിലായി സ്ഥിതി ചെയ്യുന്ന ഈ സ്ഥാപനം മികച്ച പഠനാന്തരീക്ഷം പ്രദാനം ചെയ്യുന്നു. ആവോലിച്ചാൽ, അംബേദ്കർ കോളനി, സെറ്റിൽമെന്റ് കോളനി എന്നിവിടങ്ങളിലെ കുട്ടികളാണ് ഇവിടെ കൂടുതലായും പഠിക്കുന്നത്.

## ചരിത്രം

1980 ൽ ഒറ്റമുറി കെട്ടിടത്തിലാണ് സ്കൂൾ പ്രവർത്തനമാരംഭിച്ചത്. റവന്യൂ പുറമ്പോക്കിൽ താമസിച്ചിരുന്നവരെ കുടിയിറക്കിയാണ് സ്കൂളിന് സ്ഥലം കണ്ടെത്തിയത്. 1985 ൽ സർക്കാർ അനുവദിച്ച ഒരു ലക്ഷം രൂപ കൊണ്ട് പുതിയ 4 മുറി കെട്ടിടം കൂടി നിർമിച്ചു. ആദ്യത്തെ ടീച്ചർ ഇൻ ചാർജ് ശ്രീ ചെല്ലപ്പൻ സർ ആയിരുന്നു. അന്ന് ഒരു അധ്യാപകൻ മാത്രമാണ് ഉണ്ടായിരുന്നത്. തുടർന്ന് സ്കൂളിലെ ആദ്യത്തെ ഹെഡ്മാസ്റ്ററായി ചാർജ്ജ് എടുത്ത ശ്രീ ബാലൻ സർ സ്കൂളിനെ പുരോഗതിയിലേക്ക് നയിച്ചു.

# ഗവൺമെന്റ് എൽ പി സ്കൂൾ മണിമരുതുംചാൽ

വിദ്യാലയത്തിന്റെ പേര് : ഗവൺമെന്റ് എൽ പി സ്കൂൾ മണിമരുതുംചാൽ

വിലാസം : നേര്യമംഗലം പി ഓ ആവോലിച്ചാൽ കോതമംഗലം എറണാകുളം

ഫോൺ : 7902766986

സ്കൂൾ കോഡ് : 27340

വിദ്യാഭ്യാസ ഉപജില്ല : കോതമംഗലം

വിദ്യാഭ്യാസ ജില്ല :കോതമംഗലം

ബി ആർ സി : കോതമംഗലം

സി ആർ സി : ജി യു പി എസ് തലക്കോട് കോതമംഗലം

ഗ്രാമപഞ്ചായത്ത് : കവളങ്ങാട് ഏഴാം വാർഡ്

ബ്ലോക്ക് പഞ്ചായത്ത് : കോതമംഗലം

ജില്ലാ പഞ്ചായത്ത് : എറണാകുളം

നിയമസഭാമണ്ഡലം : കോതമംഗലം

ലോക്സഭാ മണ്ഡലം : ഇടുക്കി

താലൂക്ക് : കോതമംഗലം

വില്ലേജ് :നേര്യമംഗലം

ഇമെയിൽ : glpsm80@gmail.com

ഫേസ്ബുക്ക് പേജ് : glpsmanimaruthumchal

# ആമുഖം

പൊതുവിദ്യാഭ്യാസത്തിന്റെ ഗുണമേന്മ മെച്ചപ്പെടുത്തുക സമൂഹത്തിലെ എല്ലാ വിഭാഗം കുട്ടികളെയും വിദ്യാലയ പ്രവർത്തനത്തിന്റെ ഭാഗമാക്കുക എന്നീ വിശാലമായ ലക്ഷ്യങ്ങൾ മുന്നിൽ കണ്ടുകൊണ്ടാണ് പദ്ധതി രൂപീകരിക്കുന്നത് 2025 26 വർഷം മുഴുവൻ കുട്ടികളെയും ഉൾക്കൊള്ളുന്നതും പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്ക് പ്രാധാന്യം നൽകി അവരെ ഉയർന്ന നിലവാരത്തിൽ എത്തിക്കുവാനും അനുയോജ്യമായ പ്രവർത്തനങ്ങൾക്ക് പ്രാധാന്യം നൽകിയിരിക്കുന്നു എഴുത്ത് വായന മറ്റ് അക്കാദമി പ്രവർത്തനങ്ങൾ എന്നിവയോടൊപ്പം കുട്ടി ശാരീരികവും മാനസികവും വൈകാരികവുമായ നേട്ടങ്ങൾ കൂടി കൈവരിക്കുന്നതിനാണ് പദ്ധതി ലക്ഷ്യം ഇടുന്നത് ഭാഷയിലും ശാസ്ത്രത്തിലും ഗണിതത്തിലും ജൈവകൃഷിയിലും കൂടുതൽ അവബോധം സൃഷ്ടിക്കാനും ഈ പ്രവർത്തനങ്ങൾ മൂലം ഓരോ കുട്ടിക്കും സാധ്യമാകുന്ന പഠനപ്രവർത്തനങ്ങൾ ശിശു സൗഹാർദ്ദപരവും കൂടുതൽ ആസ്വാദ്യകരവും അതോടൊപ്പം കുട്ടികളുടെ പഠനകാര്യങ്ങളിൽ രക്ഷിതാക്കളുടെ പങ്കാളിത്തം ഉറപ്പുവരുത്തുകയും ചെയ്യുന്നു.

## കുട്ടികളെ സംബന്ധിച്ച്

ഈ അക്കാദമിക വർഷം ഒന്നാം ക്ലാസിൽ മൂന്നു കുട്ടികളും രണ്ടാം ക്ലാസിൽ 11 കുട്ടികളും മൂന്നാം ക്ലാസിൽ ആറു കുട്ടികളും നാലാം ക്ലാസ്സിൽ ഒമ്പത് കുട്ടികളും അടക്കം 29 കുട്ടികളാണ് അധ്യയനം നടത്തുന്നത്. കഴിഞ്ഞവർഷം മുതൽ ആരംഭിച്ച പ്രൈമറിയിൽ എട്ടു കുട്ടികളും ഉണ്ട്. ശാരീരികവും മാനസികവുമായ വെല്ലുവിളി നേരിടുന്നവർ ആരും തന്നെ ഇല്ല പ്രവേശന പ്രായത്തിന്റെ അടിസ്ഥാനത്തിൽ പരിശോധിച്ചാൽ ഒന്നാം ക്ലാസിലെ മൂന്നുപേരും അഞ്ച് വയസ്സ് പൂർത്തിയായവരാണ് ആറു വയസ്സ് പൂർത്തിയായവർ ആരുമില്ല. വ്യത്യസ്ത ജീവിത സാഹചര്യങ്ങളിൽ നിന്നാണ് ഇവിടെയെത്തുന്ന വിദ്യാർത്ഥികൾ വരുന്നത്.

## മലയാളം

### ലക്ഷ്യങ്ങൾ

* ഒന്നാം ക്ലാസിലെ എല്ലാ കുട്ടികളെയും എഴുതാനും വായിക്കാനും ശേഷിയുള്ളവരാക്കുക
* എല്ലാ കുട്ടികളെയും ബാലസാഹിത്യകൃതികൾ വായിച്ച് ആശയം പങ്കിടാൻ ശേഷിയുള്ളവരാക്കുക
* സ്വന്തം ആശയം മറ്റുള്ളവരുടെ സഹായം ഇല്ലാതെ ലഘുവാക്യങ്ങളിൽ എഴുതാനുള്ള കഴിവ് നേടുക.
* പല തരത്തിലുള്ള പതിപ്പുകൾ രൂപപ്പെടുത്തി എടുക്കുന്നു.
* ലളിതമായ വായനാക്കാർഡുകൾ വായിക്കുന്നു നിർമ്മിക്കുന്നു.
* പത്രം തയ്യാറാക്കുന്നു.
* സ്വന്തമായി ഡയറി എഴുതുന്നു.

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തി[illegible] |
|---|---|---|---|---|
| വായന | * ചിത്രവായന | ജൂൺ | | |
| | * വായനാമൂല ഒരുക്കൽ | ജൂൺ, ജൂലൈ | | |
| | * പത്രവായന | ജൂലൈ ~~[illegible]~~ മാർച്ച് വരെ | | |
| | * വായനാ കാർഡ് തയാറാക്കൽ | ജൂൺ – മാർച്ച് | | |
| ലേഖനം | * ചിത്രങ്ങൾ നോക്കി അവയുടെ പേര് എഴുതുന്നു | ജൂൺ, ജൂലൈ | | |
| | * സചിത്രബുക്ക് | ജൂൺ - മാർച്ച് | | |
| | * സംയുക്ത ഡയറി | ജൂലൈ - മാർച്ച് | | |
| | * ആവർത്തിച്ച് വരുന്ന അക്ഷരം കണ്ടെത്തുന്നു | ജൂൺ - മാർച്ച് | | |
| | പദങ്ങൾ കണ്ടെത്തുന്നു | ജൂലൈ - ആഗസ്റ്റ്. | | |
| | * വരികൾ കൂട്ടിച്ചേർക്കുന്നു | | | |
| | * ചിത്രത്തിൽ നിന്ന് കഥ ഉണ്ടാക്കുന്നു. | | | |
| | * സ്വന്തമായി പഠിച്ച് ഉണ്ടാക്കുന്നു | ഒക്ടോബർ - മാർച്ച്. | | |

| Aim | : To speak, read and write | | | |
| --- | --- | --- | --- | --- |
| Skills | Activities | Month | Support | Financial resources |
| Reading skill | * To devolve listening skill and reading skill | June- [illegible] March. [illegible] | Teacher Parent. | |
| | * Description, growing sentence picture reading riddles, Quiz | June-March | | |
| | Reading breaking news. | July | | |
| | * Find words from reading materials | August | | |
| | * Describing words TB activities | September | | |
| Writing skills | * Make word web | October | | |
| | * Picture description. | November | | |
| | * word chain | December | | |
| | * Story telling | January | | |
| | * Riddles | February | | |
| | * Conversation. | March. | | |

# ഗണിതം

## ലക്ഷ്യങ്ങൾ

- ഒന്നു മുതൽ അഞ്ച് വരെയുള്ള സംഖ്യകൾ തിരിച്ചറിയുന്നു എഴുതുന്നു.
- അഞ്ചുവരെയുള്ള എണ്ണത്തെ പങ്കിടൽ, തുല്യം, കൂട്ടുതൽ, കുറവ് എന്നിങ്ങനെ വിശദീകരിക്കുന്നു.
- ഒന്നു മുതൽ 20 വരെയുള്ള സംഖ്യകൾ എഴുതുകയും വായിക്കുകയും ചെയ്യുന്നു.
- സംഖ്യകളെ വ്യാഖ്യാനിക്കുന്നു.
- ഒന്നു മുതൽ നൂറ് വരെയുള്ള സംഖ്യകൾ വായിക്കുന്നു എഴുതുന്നു.

| ലക്ഷ്യം | പ്രവർത്തനം | പിന്തുണ | കാലം | സാമ്പത്തിക സ്രോതസ്സ് |
|---|---|---|---|---|
| സംഖ്യാബോധം | സംഖ്യകൾ തിരിച്ചറിയൽ<br>+ സംഖ്യകൾ തിരിച്ചറിഞ്ഞ് പറയുന്നു<br>+ സംഖ്യാകാർഡ് നിർമ്മാണം. | അധ്യാപകർ രക്ഷിതാക്കൾ | ജൂൺ<br>ജൂലൈ<br>ആഗസ്റ്റ് | |
| ഗണിത കിറ്റ് | ഗണിത പഠനത്തിന് സഹായകമായ വസ്തുക്കൾ ഉപയോഗിച്ച് ഗണിതകിറ്റ് തയാറാക്കുന്നു. | | സെപ്തംബർ<br>ഒക്ടോബർ | |
| വലിയ സംഖ്യ ചെറിയ സംഖ്യ | ഒന്നു മുതൽ ഇരുപത് വരെയുള്ള സംഖ്യകൾ തിരിച്ചറിഞ്ഞ് വലുത്, ചെറുത് കണ്ടെത്തുന്നു | | നവംബർ<br>ഡിസംബർ<br>ജനുവരി | |
| സങ്കലന ക്രിയകൾ | സംഖ്യാഗാനങ്ങൾ ആസ്വദിക്കൽ ഒന്നിനോടൊന്ന് കൂട്ടിയാൽ മറ്റൊരു സംഖ്യ കിട്ടും. രണ്ട് സംഖ്യകൾ തമ്മിൽ സങ്കലനക്രിയ ചെയ്യുന്നു | | ഫെബ്രുവരി<br>മാർച്ച് | |

| | | | | |
|---|---|---|---|---|
| ഒറ്റസംഖ്യകൾ ഇരട്ടസംഖ്യകൾ | * ഒറ്റ സംഖ്യകൾ, ഇരട്ട സംഖ്യകൾ തിരിച്ചറിയൽ<br>ഒന്നിടവിട്ട സംഖ്യകൾ ഒറ്റ സംഖ്യകൾ ഇരട്ട സംഖ്യകൾ എന്ന ധാരണ | | | |
| സംഖ്യാഗാനങ്ങൾ | * സംഖ്യാഗാനങ്ങൾ പാടുന്നു ശേഖരിക്കുന്നു<br>* My number book തയാറാക്കൽ | | | |
| വ്യവകലനം | * രണ്ടക്ക സംഖ്യയും, ഒരക്ക സംഖ്യയും തമ്മിലുള്ള വ്യവകലനം | | | |
| ചിഹ്നങ്ങൾ | * സങ്കലന, വ്യവകലന ചിഹ്നങ്ങൾ തിരിച്ചറിയൽ | | | |
| ഗണിത കിറ്റ് | * ഗണിതകിറ്റ് തയാറാക്കൽ<br>സംഖ്യകളുടെ പകുതി, തുല്യ ഭാഗങ്ങളിലെ പ്രവർത്തനങ്ങൾ ചെയ്യൽ | | | |

# പരിസര പഠനം

## ലക്ഷ്യങ്ങൾ

* ചെടികൾ നിരീക്ഷിച്ച് പൂക്കളിൽ നിരവധി വ്യത്യസ്തതകൾ ഉണ്ടെന്ന് കണ്ടെത്തുന്നു.
* വിവിധതരം സസ്യങ്ങൾ (വലിയ മരം, ചെറിയ ചെടികൾ, പൂക്കുന്നവ, പൂക്കാത്തവ)
* പൂക്കളുടെ സാദൃശ്യവ്യത്യാസങ്ങൾ, [illegible] എണ്ണം, പ്രയോജനം, വലുത്, ചെറുത്)
* നിറം, രുചി, ആകൃതി, മണം എന്നിവയിൽ പഴങ്ങൾ വ്യത്യസ്തമാണെന്ന് കണ്ടെത്തുന്നു.
* പഴങ്ങൾ കഴിക്കുന്നത് ആരോഗ്യത്തിന് നല്ലതാണെന്ന് കണ്ടെത്തുന്നു.

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക സ്രോതസ്സ് |
|---|---|---|---|---|
| * ചെടികൾ നിരീക്ഷിച്ച് സ്കൂളിൽ നിരവധി വൃക്ഷങ്ങൾ കണ്ടെത്തൽ. | + പ്രകൃതി നടത്തം<br>+ ചുറ്റുപാടുമുള്ള മരങ്ങൾ, ചെടികൾ നിരീക്ഷിക്കുന്നു.<br>+ പല തരത്തിലുള്ള പൂക്കൾ പ്രദർശിപ്പിക്കുന്നു. | ജൂൺ<br>ജൂലൈ<br>ആഗസ്റ്റ് | | |
| * ചെടികൾക്ക് വേര്, തണ്ട്, ഇല, പൂവ് കായ് എന്നി ഭാഗങ്ങൾ ഉണ്ട് | + സ്കൂളിൽ പൂന്തോട്ടം നിർമ്മിക്കുന്നു.<br>+ പൂന്തോട്ടത്തിലെ ചെടികൾ നിരീക്ഷിച്ച് ഭാഗങ്ങൾ കണ്ടെത്തുന്നു. | സെപ്റ്റംബർ<br>ഒക്ടോബർ<br>നവംബർ | | |
| * ഭക്ഷ്യയോഗ്യമായ ഭാഗങ്ങൾ കണ്ടെത്തുന്നു | + പച്ചക്കറികൾ പഴങ്ങൾ, കിഴങ്ങുകൾ പൂക്കൾ എന്നിവ കൊണ്ടു വരുന്നു.<br>* ഏത് ഭാഗമാണ് ഭക്ഷ്യയോഗ്യമായത് എന്ന് കണ്ടെത്തുന്നു.<br>+ രക്ഷിതാവിന്റെ സഹായത്തോടെ അടുക്കളത്തോട്ടം നിർമ്മിക്കുന്നു. | ഡിസംബർ<br>ജനുവരി<br>ഫെബ്രുവരി<br>മാർച്ച് | | |

# അക്കാദമിക മാസ്റ്റർ

## പ്ലാൻ -2025-26

## STD-II

ഗവൺമെന്റ് എൽ.പി. സ്കൂൾ

മണിമരുതുംചാൽ

## ആമുഖം:-

തികച്ചും ഗ്രാമീണ മേഖലയായ മണിമരുതുംചാലിലെയും സമീപ പ്രദേശങ്ങളും കുരുന്നുകളാണ് നമ്മുടെ വിദ്യാലയത്തിൽ അക്ഷരവെളിച്ചത്തിനായി എത്തുന്നത്. വ്യത്യസ്ത നിലവാരക്കാരായ കുടുംബങ്ങളിൽ നിന്നും എത്തുന്ന വ്യത്യസ്തരായ കുട്ടികൾക്ക് അവരുടെ സമഗ്ര വികാസത്തിന് ഉതകുന്ന രീതിയിലുള്ള ഒരു പദ്ധതിയാണ് 2025-26 അദ്ധ്യയന വർഷം തയ്യാറാക്കിയിരിക്കുന്നത്.

ഗുണമേന്മാ വിദ്യാഭ്യാസ പദ്ധതിയുടെ ഭാഗമായിക്കൊണ്ട് എല്ലാവരുടെയും പഠനവേഗത ഉറപ്പാക്കാനുള്ള പ്രവർത്തനങ്ങൾ അവധിക്കാലങ്ങളിൽ നടത്തുകയുണ്ടായി. കൃത്യമായ മോണിറ്ററിംഗിലൂടെ തുടർന്നും നൽകേണ്ട പ്രവർത്തനങ്ങൾ കണ്ടെത്തി നൽകുന്നുണ്ട്. എല്ലാവരെയും ഉൾപ്പെടുത്തിക്കൊണ്ടും പ്രത്യേക പരിഗണന അർഹിക്കുന്നവർക്ക് കൃത്യമായ പഠന പിന്തുണ നൽകിക്കൊണ്ടുമാണ് ഈ

പ്രവർത്തനങ്ങൾ തയ്യാറാക്കുന്നത്. പല
ഇംഗ്ലീഷ്, ഗണിതം, ശാസ്ത്രം എന്നീ വിഷയ
ങ്ങൾക്കു കൂടുതൽ ഊന്നൽ നൽകുന്നതോ
ടൊപ്പം പാഠ്യേതര കാര്യങ്ങൾക്കും വേണ്ട
പരിശീലനങ്ങൾ നൽകുന്നു. ഇതിലൂടെ
ക്ലാസിലെ എല്ലാവരുടേയും ശാരീരികവും മാ
നസികവും ആയ ഉയർച്ച ലക്ഷ്യമിടുന്നു.
കുട്ടിയുടെ പഠനമികവ് ഉറപ്പാക്കാനായി
ഓരോ രക്ഷിതാവിന്റെയും പങ്കാളിത്തം
ഉറപ്പാക്കുന്നു.

ഈ അധ്യയനവർഷം പാഠപു
സ്തകങ്ങൾക്ക് മാറ്റം വരുന്നതിനാൽ പ്രവ
ർത്തനങ്ങൾ കൂടുതൽ അവസരോചിതമാ
യി നൽകാനും പദ്ധതിയിൽ ~~ല~~ സമയ
ബന്ധിതമായി ചില കൂട്ടിച്ചേർക്കലുകൾ ന
ന്നും ഉണ്ട്.

പഠനനേട്ടങ്ങൾ :- മലയാളം

- രണ്ടാം ക്ലാസിലെ എല്ലാ കുട്ടികളെയും എഴുതാനും വായിക്കാനും ശേഷിയുള്ളവരാക്കുക.
- വായനാപ്രവർത്തനങ്ങൾ കൂടുതലായി നൽകുക.
- എല്ലാ കുട്ടികളെയും ലളിതമായ ബാലസാഹിത്യകൃതികൾ വായിച്ച് ആശയം പങ്കിടാൻ കഴിവുള്ളവരാക്കുക.
- സ്വന്തം ആശയങ്ങൾ മറ്റുള്ളവരുടെ സഹായമില്ലാതെ എഴുതാൻ സാധിക്കുന്നു.
- പലതരം പതിപ്പുകൾ തയ്യാറാക്കുന്നു.
- വായനാ കാർഡുകൾ നിർമ്മിക്കുന്നു.
- ക്ലാസ് പത്രം
- ഡയറി, കത്ത്, വാർത്ത തുടങ്ങി വിവിധവ്യവഹാര രൂപങ്ങൾ കൈകാര്യം ചെയ്യുന്നു.
- മറ്റ് വിഷയങ്ങളുമായി (കല, കായിക, പ്രവൃത്തി പരിചയം) ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ക്രിയാത്മകമായും ഭംഗിയായും കുട്ടികളുടെ പങ്കാളിത്തത്തോടെയും സംഘടിപ്പിക്കുക.

| പഠനനേട്ടം | പ്രവർത്തനം | പ്രവർത്തന വിശദീകരണം. | നിർവഹണ കാലം. |
|---|---|---|---|
| • എല്ലാവരെയും വായനയും എഴുത്തും കൃത്യമായി ചെയ്യാൻ കഴിവുള്ളവരാക്കുക. | * പദകേളി<br>* വായനാകാർഡ് നിർമാണം.<br>* റീഡേഴ്സ് തിയേറ്റർ. | * വാക്കുകൾ ചേർത്ത് വച്ചുള്ള പദകേളി ഗ്രൂപ്പായി സംഘടിപ്പിക്കുന്നു.<br>* വായനാകാർഡുകൾ കുട്ടികൾ ഗ്രൂപ്പായി നിർമിക്കുന്നു.<br>* പാഠഭാഗത്തെ സ്ക്രിപ്റ്റ് തയ്യാറാക്കി റീഡേഴ്സ് തിയേറ്റർ സംഘടിപ്പിക്കുന്നു. | ജൂൺ to ആഗസ്റ്റ്<br>എല്ലാമാസവും. |
| • വായന വളർത്തുക | | | |
| • മറ്റുള്ളവരുടെ സഹായമില്ലാതെ സ്വന്തം ആശയങ്ങൾ എഴുതുന്നു. | * പതിപ്പ് തയ്യാറാക്കൽ<br>* ക്ലാസ് പത്രം തയ്യാറാക്കൽ. | * പാഠഭാഗവുമായി ബന്ധപ്പെട്ട് വിവിധ പതിപ്പ് തയ്യാറാക്കുന്നു<br>* കുട്ടികൾ ഗ്രൂപ്പായി തിരിച്ച് ഓരോ മാസവും ക്ലാസ് പത്രം തയ്യാറാക്കി പ്രസിദ്ധീകരിക്കുന്നു. | ജൂൺ to മാർച്ച്<br>മാസത്തിൽ ഒന്ന് വീതം. |
| • മറ്റ് വിഷയങ്ങളുമായി ബന്ധപ്പെടുത്തി പഠനപ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു. | * ചിത്രരചന<br>* നിർമാണപ്രവർത്തനങ്ങൾ മുതലായവ. | * ഓരോ പാഠഭാഗത്തെ പ്രവർത്തനങ്ങളുമായി യോജിക്കുന്ന പ്രവർത്തനങ്ങൾ. | |

EVS

| പഠനനേട്ടം | പഠനപ്രവർത്തനം | പ്രവർത്തന വിശദീകരണം | നിർവഹണ കാലം |
| --- | --- | --- | --- |
| ⊙ ശാസ്ത്രാവബോധം വളർത്തൽ | * പ്രകൃതി നടത്തം | * സ്കൂൾ ചുറ്റുപാടും പരിസ്ഥിതിയെ അറിഞ്ഞ് പ്രകൃതിനടത്തം സംഘടിപ്പിക്കാം. | |
| ⊙ പ്രകൃതിസംരക്ഷണത്തിന്റെ പ്രാധാന്യം തിരിച്ചറിയൽ | * കൊളാഷ് നിർമ്മാണം<br>* "ഒരു മരം" പരിപാടി<br>* "ചിത്രരചന" | * "ഒരു മരം നടീൽ പരിപാടി." സ്കൂളിലും വീട്ടിലും ഒരു വൃക്ഷത്തെ നടാം. അതിന്റെ വളർച്ചയെ കുറിച്ച് ചെറിയകുറിപ്പ് "എന്റെ മരം" തയ്യാറാക്കാം. | June to March. |
| ⊙ പരീക്ഷണ നിരീക്ഷണ പാടവം വളർത്തൽ. | * കൃത്യമായും ചിട്ടയായും പാഠപുസ്തകത്തിലെ പരീക്ഷണങ്ങൾ സംഘടിപ്പിക്കൽ. | * പരിസ്ഥിതിയുമായി ബന്ധപ്പെട്ട വിഷയങ്ങൾ ചേർത്ത് വച്ച് ചിത്രരചന നടത്താം. | |
| ⊙ പോസ്റ്റർ നിർമ്മാണം | * വിവിധ ശാസ്ത്രവിഷയങ്ങളുമായി ചേർത്ത് പോസ്റ്ററുകൾ നിർമ്മിക്കാം. | * കൂടാതെ കൊളാഷ്, പോസ്റ്റർ നിർമ്മാണം എന്നിവ സംഘടിപ്പിക്കാം.<br>* എല്ലാവരുടെയും തുല്യ പങ്കാളിത്തത്തോടെ പരീക്ഷണങ്ങൾ സംഘടിപ്പിക്കാം. | |

# ഗണിതം

| പഠനനേട്ടം | പ്രവർത്തനം | പ്രവർത്തനവിശദീകരണം | നിർവഹണ കാലം |
|---|---|---|---|
| ● സംഖ്യാബോധം<br>● സംഖ്യാവ്യാഖ്യാനം<br>● ചതുഷ്ക്രിയകൾ ഉറപ്പിക്കുക. [സങ്കലനം, വ്യവകലനം]<br>● നീളം, ദൂരം ഇവ തിരിച്ചറിയുക. (കൂടുതൽ കുറവ്) | *1000 ത്തിൽ താഴെയുള്ള സംഖ്യകൾ മനസ്സിലാക്കുക.<br>* അത് വിവിധരീതിയിൽ വ്യാഖ്യാനിക്കാൻ സാധിക്കുന്നു.<br>* സങ്കലനം, വ്യവകലനം എന്നീ പ്രവർത്തനം ഉറപ്പിക്കുന്നു.<br>* വർഷാവസാനം ഗുണനം, ഹരണം ആശയം ഉറപ്പിക്കുന്നു. | * ഗണിതകളികൾ<br>* പസിലുകൾ<br>* കച്ചവടകളികൾ (കളി)<br>* അളവു നോക്കൽ<br>* ഓരോ പഠനപ്രവർത്തനത്തിനും യോജിച്ച പഠനോപകരണങ്ങളുമായി ബന്ധപ്പെടുത്തിയ കളികളും പ്രവർത്തനങ്ങളും. | |
| ● ഗണിതപഠിച്ച് | * അളവുകൾ പരിചയപ്പെടുക | * പഠിച്ച ഗണിതശേഷികളും ആശയങ്ങളും ഉൾപ്പെടുത്തി ഗണിതപഠിച്ച് തയ്യാറാക്കൽ | വർഷാവസാനം. (ഫെബ്രുവരി) |

# ഇംഗ്ലീഷ്

| പഠനലക്ഷ്യം | പ്രവർത്തനം | പ്രവർത്തന വിശദീകരണം | നിർവഹണ കാലം. |
|---|---|---|---|
| ① എല്ലാവർക്കും ഒരുപോലെ വായിക്കാൻ സാധിക്കുന്നു. | * റീഡേഴ്സ് തിയേറ്റർ<br>* വായനാ കാർഡുകൾ<br>* പുസ്തക വായന | * റീഡേഴ്സ് തിയേറ്റർ<br>* പദകാർഡ്, വായനാകാർഡ് വായിക്കൽ.<br>* പുസ്തകങ്ങൾ വായിക്കൽ<br>* ചെറിയ കുറിപ്പ് തയ്യാറാക്കൽ | ഓരോ മാസവും. |
| ② സ്വന്തം ആശയങ്ങൾ എഴുതാൻ കഴിവുകളെ വരാക്കുക. | * ഡയറി<br>* കുറിപ്പ്<br>* കഥകൾ തയ്യാറാക്കാം | * ഡയറി എഴുതൽ.<br>* ക്ലാസ്സും പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട കുറിപ്പ്.<br>* ചെറിയ കഥകൾ തയ്യാറാക്കാം. | |
| ③ പതിപ്പുകൾ | * കഥ രചന പതിപ്പ്. | * കഥാരചന - പതിപ്പ് നിർമ്മാണം, പ്രകാശനം | |

ഇതിനെല്ലാം പുറമേ ഓരോ പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട് കലാകായിക പ്രവൃത്തി പരിചയ മേഖലയുടെ വികസനവും ലക്ഷ്യമിടുന്നുണ്ട്. എല്ലാ നിലവാരത്തിലുമുള്ള കുട്ടികളുടെയും വ്യത്യസ്ത കഴിവുകൾ പ്രദർശിപ്പിക്കാനുള്ള അവസരം നൽകുന്നുണ്ട്.

കുട്ടികളുടെ മികവുകൾ പ്രദർശിപ്പിക്കാൻ പ്രദർശനമേള സംഘടിപ്പിക്കുന്നു. അതിനായി മികവ് പ്രദർശിപ്പിക്കാൻ അരങ്ങങ്ങോടൊക്ക്, കൂടാതെ പാട്ടരങ്ങ്, രചനോൽസവം, കലോൽസവം തുടങ്ങി വിവിധ പ്രവർത്തനങ്ങൾ ഇതിൽ ലക്ഷ്യമിടുന്നുണ്ട്.

# അക്കാദമിക

# മാസ്റ്റർ പ്ലാൻ

# 2025 - 2026

# ക്ലാസ്സ് - III

# മാസ്റ്റർ പ്ലാൻ - III

## ആമുഖം:-

വ്യത്യസ്ത നിലവാരക്കാരായ വിദ്യാർത്ഥികളുടെ സമഗ്ര ഗുണ വികസനമാണ് ഈ പദ്ധതി ലക്ഷ്യമിടുന്നത്. പഠ്യോത്തരത്തിലും വ്യത്യസ്തരായ കുട്ടികളെ പഠ്യോ തലത്തിലും ഉയർത്തിക്കൊണ്ടുവരാൻ വേണ്ട പ്രവർത്തനങ്ങൾ നൽകുന്നുണ്ട്. പാഠ്യപാഠ്യേതര വിഷയങ്ങളിലുള്ള വിദ്യാർത്ഥികളുടെ മികവ് പ്രദർശിപ്പിക്കാൻ വേണ്ട വേദികൾ സ്കൂളിൽ സജ്ജമാക്കുന്നു. പ്രത്യേക പിന്തുണ അർഹിക്കുന്നവർക്ക് വേണ്ടി പ്രത്യേക ക്ലാസും നൽകുന്നു.

മുൻപ് പരിശോധനയിൽ കണ്ടെത്തിയ കാര്യങ്ങൾ:-

- മലയാളത്തിൽ കൂട്ടക്ഷരങ്ങൾ ഒഴിവാക്കി ഒഴുക്കോടെയുള്ള വായനയിൽ പ്രയാസം നേരിടുന്നു.
- ഗണിത ആശയങ്ങൾ മുഴുവനായി ഗ്രഹിക്കാൻ സാധിക്കുന്നില്ല.
- വലിയ സംഖ്യകൾ (1000ത്തിൽ താഴെ) വ്യാഖ്യാനിക്കാൻ ബുദ്ധിമുട്ട് അനുഭവപ്പെടുന്നു.
- ഇംഗ്ലീഷിൽ വായനയിലൂടെ ആശയങ്ങൾ മനസ്സിലാക്കാൻ ബുദ്ധിമുട്ട് അനുഭവപ്പെടുന്നു.
- സങ്കലനം, വ്യവകലനം ഇവ അറിയാം, പക്ഷേ ഗുണനം എന്ന ആശയം ഉറച്ചിട്ടില്ല.
- പഠിക്കുന്ന നിർദ്ദേശങ്ങൾ കൃത്യമായി ചെയ്യുന്നതിനാൽ ശ്രദ്ധക്കുറവ് ഉണ്ട്.

# മലയാളം

ലക്ഷ്യം :-

- എല്ലാ കുട്ടികൾക്കും കൃത്യമായി ഒഴുക്കോടെ വായിക്കാൻ സാധിക്കണം.
- ഭാഷയുടെ വിവിധ തലങ്ങൾ (കഥ, കവിത, തുടങ്ങിയ) ആസ്വാദ്യകരമാവും വിധം സ്വന്തമായി വായിക്കാൻ സാധിക്കണം.
- നാടൻ പാട്ടുകൾ, നാടോടികഥകൾ, വായ്ത്താരികൾ തുടങ്ങി ഭാഷാ വ്യവഹാര രൂപങ്ങൾ കൈകാര്യം ചെയ്യുന്നു.
- ഈണത്തിലും താളത്തിലും കവിതകൾ പാടാനും സ്വന്തമായി ഈണം കണ്ടെത്താനും കഴിയണം.
- പത്രവാർത്ത, ആസ്വാദനക്കുറിപ്പ്, ആത്മകഥ, കത്ത് തുടങ്ങിയ ഭാഷയുടെ വിവിധ രൂപങ്ങൾ കൈകാര്യം ചെയ്യുന്നു.

| പഠനനേട്ടം ലക്ഷ്യം. | പ്രവർത്തനങ്ങൾ | പ്രവർത്തന വിശദീകരണം. ചുമതല | നിർവഹണ കാലം. |
|---|---|---|---|
| ⊙ ഏകദേശം എല്ലാവർക്കും കൃത്യമായി ഒഴുക്കോടെ വായിക്കാൻ സാധിക്കുന്നു. | • വായനാകാർഡുകൾ<br>• വായനാമൂല<br>• റീഡേഴ്സ് തിയേറ്റർ. | ⊙ ചിത്രകാർഡുകൾ നൽകി പദങ്ങൾ പരിചയപ്പെടുത്തുന്നു. ലളിതമായ പദങ്ങളും വാക്യങ്ങളും ഉൾപ്പെടുത്തി വായനാകാർഡുകൾ നിർമ്മിക്കുന്നു. വായന സംഘടിപ്പിക്കുന്നു.<br>⊙ പാഠഭാഗങ്ങളുമായി ബന്ധപ്പെടുത്തിയും അല്ലാതെയും റീഡേഴ്സ് തിയേറ്റർ സംഘടിപ്പിക്കുന്നു. | ജൂൺ to മാർച്ച് |
| ⊙ ഈണത്തിലും താളത്തിലും സ്വന്തമായും കൂട്ടമായും കവിതകൾ, വായ്ത്താരികൾ പാടാനും ആസ്വദിക്കാനും സ്വന്തമായി | • കവിതകൾ ചൊല്ലുന്നു.<br>• താളം കണ്ടെത്തുന്നു.<br>• ഗ്രൂപ്പായി താളമിടുന്നു. | ⊙ പാഠപുസ്തകത്തിലെ കവിതകൾ ഈണമിട്ട് അധ്യാപികയും കുട്ടികളും ചൊല്ലുന്നു.<br>⊙ ഗ്രൂപ്പായി താളം കണ്ടെത്തി അവതരിപ്പിക്കുന്നു.<br>⊙ പുതിയ കവിതകൾ ഈണം കണ്ടെ | ജൂൺ - to മാർച്ച് |

## English

| പഠനനേട്ടം | പ്രവർത്തനങ്ങൾ | പ്രവർത്തന വിശദീകരണം.<br>ചുമതലപ്പെട്ടവർ | നിർവ്വഹണ കാലം. |
|---|---|---|---|
| • എല്ലാ കുട്ടികൾക്കും <u>ഇംഗ്ലീഷ്</u> ഫലപ്രദമായി വായിക്കാനും എഴുതാനും സംസാരിക്കാനും <u>ഉള്ള</u> ശേഷി വികസിപ്പിക്കുക.<br><br>• <u>ഇംഗ്ലീഷ്</u>. ഭാഷയിൽ പ്രാവീണ്യം നേടൽ<br><br>• തെറ്റുകളില്ലാതെ <u>ഉള്ളിലുള്ള</u> ആശയം വ്യക്തതയോടെ പറയാനും എഴുതാനും സാധിക്കുക. | • അസംബ്ലി<br><br>• ഡയറി എഴുത്ത്<br><br>• കൂട്ടുകാർക്ക് കത്തെഴുതൽ.<br><br>• <u>ഇം</u>ഗ്ലീഷ് ഗെയിംസ്<br><br>• പഠനാന്തരീക്ഷം | • ആഴ്ചകളിൽ <u>ഇടവിട്ട്</u> <u>ഇംഗ്ലീഷ്</u> അസംബ്ലി സംഘടിപ്പിക്കൽ<br>• നേതൃത്വം, ആശയങ്ങൾ അവതരിപ്പിക്കാൻ <u>ഉള്ള</u> അവസരം കുട്ടികൾക്ക് നൽകണം.<br>• ചെറിയ ചെറിയ സംഭവങ്ങൾ കുട്ടികൾക്കറിയാവുന്ന രീതിയിൽ ഡയറിയിൽ എഴുതാം.<br>• ക്ലാസ്സ്റൂം പ്രവർത്തനങ്ങളുടെ ഭാഗമായി കൂട്ടുകാർക്ക് കത്തെഴുതുന്നു.<br>• ഇംഗ്ലീഷ് ഭാഷക്ക് യോജിച്ച പഠനാന്തരീക്ഷം സൃഷ്ടിക്കുന്നു.<br>• ഇംഗ്ലീഷ് ഭാഷാഗെയിംസ് സംഘടിപ്പിക്കുന്നു. | |

| | | | |
|---|---|---|---|
| ഉന്നണം കണ്ടെത്താനും. | | ത്തി വ്യക്തിഗതമായി ആലപിക്കുന്നു. | |
| ⊙ ഭാഷയുടെ വിവിധ വ്യവഹാര രൂപങ്ങൾ കൈകാര്യം ചെയ്യുന്നു.<br>⊙ പത്രവാർത്ത, ആസ്വാദനക്കുറിപ്പ്, ആത്മകഥ കത്ത് തുടങ്ങിയ ഭാഷാരൂപങ്ങൾ കൈകാര്യം ചെയ്യുന്നു.<br>⊙ നാടൻപാട്ടുകൾ പാടാനും ആസ്വദിക്കാനും സാധിക്കുന്നു. | • ആഭരണം അണിയിക്കൽ<br>• കവിതാപതിപ്പ്<br>• കഥാപതിപ്പ്<br>• അഭിനയക്കളരി<br>• നാടൻ പാട്ട് ശിൽപശാല<br>• ക്ലാസ് പത്രം. | • ചിഹ്നങ്ങൾ മനസിലാക്കാനും യഥാസ്ഥാനത്ത് ചേർക്കാനും മനസിലാക്കുന്ന<br>• കവിതകൾ ശേഖരിച്ചും സ്വന്തമായി വരികൾ ചേർത്തുവച്ചും കവിതാപതിപ്പ് തയ്യാറാക്കുന്നു. പ്രകാശനം നടത്തുന്നു.<br>• ചിത്രകഥകൾ, നാടോടി കഥകൾ, സ്വന്തം കഥകൾ ഇവ ഉൾപ്പെടുത്തി കഥാപതിപ്പ് നിർമ്മാണം.<br>• നാടൻപാട്ട് ശിൽപശാല സംഘടിപ്പിക്കാനം.<br>• പഴഞ്ചൊല്ലുകൾ ശേഖരിച്ച് പഴഞ്ചൊൽ പതിപ്പ് നിർമ്മാണം. | ജൂൺ to ആഗസ്റ്റ്.<br>ആഗസ്റ്റ്<br>സെപ്റ്റംബർ<br>ഡിസംബർ<br>ജൂലൈ. |

ഗണിതം - III

| | | |
|---|---|---|
| | വിശദീകരണം | നിർവ്വഹണ കാലം. |

# ഗണിതം - III

| പഠനനേട്ടം | പ്രവർത്തനങ്ങൾ | പ്രവർത്തന വിശദീകരണം | നിർവ്വഹണ കാലം. |
|---|---|---|---|
| ⊙ സംഖ്യാബോധം<br>⊙ സംഖ്യാവബോധം | * സ്ഥാനവില പോക്കറ്റ്<br>* മുത്തുകൾ<br>* അബാക്കസ്<br>* കളിനോട്ട് | * നൂറു മുതൽ 1000 വരെയും പിന്നീട് 10000 വരെയും ഉള്ള സംഖ്യകൾ വായിക്കുന്നു.<br>* സ്ഥാനവില അബാക്കസിൽ ചിത്രീകരിക്കുന്നു.<br>* ഒന്ന്, പത്ത്, നൂറ്, ആയിരം ഇവ തിരിച്ചറിയുന്നു.<br>* കളിനോട്ട് ഉപയോഗിച്ചും മറ്റും സംഖ്യാവ്യാഖ്യാനം പറയുന്നു. | |
| ⊙ ചതുഷ്ക്രിയകൾ ഉറപ്പിക്കുന്നു. | * കച്ചവടക്കണക്ക്<br>* കളിനോട്ട്<br>* പാമ്പും കോണിയും | * സങ്കലനം, വ്യവകലനം തുടങ്ങിയവ തുടക്കത്തിലും പിന്നീട് ഗുണനവും വർഷാവസാനം ഹരണവും പരിചയപ്പെടുന്നു. | ജൂൺ - ആഗസ്റ്റ്<br>ഡിസംബർ - ഫെബ്രുവരി. |

| | | | |
|---|---|---|---|
| ⊙ അളവുകൾ [നീളം, ദൂരം, ഭാരം] ലിറ്റർ പരിചയപ്പെടുന്നു. | * അളന്നു തിട്ടപ്പെടുത്തുന്നു.<br>* വിവിധ അളവുപകരണങ്ങൾ പരിചയപ്പെടുത്തുന്നു. | * ക്ലാസ് മുറിയുടെയും, ബോർഡ്, ഡസ്ക്, തുടങ്ങി ചെറുതു മുതൽ വലുതു വരെയുള്ള വിവിധ വസ്തുക്കൾ അളന്നു തിട്ടപ്പെടുത്തുന്നു.<br>* അളവുപകരണങ്ങൾ പരിചയപ്പെടുത്തുന്നു. | ഡിസംബർ- ജനവരി |
| ⊙ "സമയം" കൃത്യമായി പറയാൻ സാധിക്കുന്നു. | * ക്ലോക്കിൽ സമയം ക്രമപ്പെടുത്തുന്നു.<br>* സമയം ചിത്രീകരിക്കുന്നു. | * ക്ലോക്ക് ഉപയോഗിച്ച് സമയം കണ്ട് മനസ്സിലാക്കുന്നു.<br>* തിരിച്ചറിയുന്നു.<br>* സമയം ക്ലോക്കിൽ ചിത്രീകരിക്കുന്നു.<br>* സമയവുമായി ബന്ധപ്പെട്ട പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കുന്നു. | |

EVS

| ലക്ഷ്യം | പ്രവർത്തനങ്ങൾ | പ്രവർത്തന വിശദീകരണം | നിർവഹണ കാലം |
|---|---|---|---|
| ⊙ കുട്ടികളിൽ ശാസ്ത്രാവബോധം വളർത്തൽ | * പ്രകൃതി നടത്തം | * സ്കൂൾ പരിസരം നിരീക്ഷിക്കൽ<br>* നിരീക്ഷണ വിവരങ്ങൾ പഠന പുസ്തകത്തിൽ രേഖപ്പെടുത്തൽ | ജൂൺ |
| ⊙ നിരീക്ഷണ പരീക്ഷണ താൽപര്യം ഉണർത്തൽ. | * പരീക്ഷണങ്ങൾ<br>* നിരീക്ഷണം | * പ്രകൃതിയിലെ ജീവജാലങ്ങളെ നിരീക്ഷിക്കൽ.<br>* പലതരം പരീക്ഷണങ്ങൾ കുട്ടികളോടെ അധ്യാപകരുടെ സഹായത്തോടെ ചെയ്യുന്നു | ആഗസ്റ്റ് സെപ്റ്റംബർ<br>സെപ്റ്റംബർ to മാർച്ച്. |
| ⊙ പ്രകൃതി സംരക്ഷണ അവബോധം സൃഷ്ടിക്കൽ. | * പ്രകൃതി നശീകരണത്തെ പറ്റി നിരീക്ഷിച്ച് മനസിലാക്കൽ | * പ്രകൃതിയുടെ നിലനിൽപ്പിന്റെ പ്രാധാന്യം മനസിലാക്കൽ<br>* പോസ്റ്റർ രചന.<br>* മറ്റുള്ളവരിലേക്ക് ആശയങ്ങൾ എത്തിക്കൽ. | |

ഇതിനെല്ലാം പുറമേ കലാകായിക പ്രവൃത്തി പരിചയ പ്രവർത്തനങ്ങളും നടക്കുന്നുണ്ട്. ഓരോ വിദ്യാർത്ഥിയുടെയും അഭിരുചിക്കനുസരിച്ച് അവരുടെ മേഖലകൾക്ക് യോജിച്ച പ്രവർത്തനങ്ങൾ നൽകുന്നു.

# അക്കാദമിക മാസ്റ്റർ പ്ലാൻ

## 2025-26

# STD - IV

ഗവൺമെന്റ് എൽ. പി. സ്കൂൾ

# മണിമരുതുംചാൽ

# ആമുഖം

സാമൂഹികമായും സാംസ്കാരികമായും ഭൂമിശാസ്ത്രപരമായും ഏറെ വൈവിധ്യങ്ങൾ നിറഞ്ഞ ഒരു പ്രദേശത്തെ കുട്ടികളാണ് ഈ വിദ്യാലയത്തിൽ അറിവിന്റെ അക്ഷര വെളിച്ചത്തിനായി എത്തിച്ചേരുന്നത്. ഈ വലിയ പ്രശ്നത്തെ കൂടി മുൻകൂട്ടി കണ്ടുകൊണ്ടാണ് 2025-26 വർഷത്തേക്കുള്ള അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നത്. പ്രധാനമായും ഇവിടെ ഊന്നൽ നൽകുന്നത് ഭാഷ ,ഗണിതം, ശാസ്ത്രം എന്നി വിഷയങ്ങളിൽ ഒരു കുട്ടി നേടേണ്ട അടിസ്ഥാനശേഷികൾ സ്വായത്തമാക്കുക എന്നതാണ്. അതോടൊപ്പം പഠനത്തിൽ മുൻനിരക്കാരായ കുട്ടികൾക്ക് ഉയർന്ന തലത്തിലുള്ള പ്രവർത്തനങ്ങളും നൽകണം.

# മുന്നറിവ് പരിശോധനയിലൂടെ കണ്ടെത്തിയ

# പ്രധാന കാര്യങ്ങൾ

- മലയാളത്തിൽ ഒഴുക്കോടെയുള്ള വായനയ്ക്ക് തടസ്സം നേരിടുന്നു.
- ലേഖനത്തിൽ ചില അക്ഷരങ്ങളും ചിഹ്നങ്ങളും തെറ്റായി രേഖപ്പെടുത്തുന്നു.
- വിവരണം ആസ്വാദനക്കുറിപ്പ് എന്നിവയിൽ ബുദ്ധിമുട്ട് അനുഭവപ്പെടുന്നു.
- ഉള്ളിലുള്ള ആശയങ്ങളെ വാചകമായി പ്രകടിപ്പിക്കുന്നതിൽ വിഷമം നേരിടുന്നു
- പതിനായിരത്തിൽ താഴെയുള്ള സംഖ്യകളെ വ്യാഖ്യാനിക്കാൻ ബുദ്ധിമുട്ടുന്നു
- ഗുണന വസ്തുതകൾ കൃത്യമായി ഉറച്ചിട്ടില്ല
- നീളം തൂക്കം എന്നിവയിലും വ്യക്തതക്കുറവ് അനുഭവപ്പെടുന്നു
- പരീക്ഷണ നിരീക്ഷണങ്ങൾ കൃത്യമായി ചെയ്യാത്തതിനാൽ വ്യക്തത കുറവുണ്ട്

# പ്രവർത്തന ലക്ഷ്യങ്ങൾ

- എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് ഫലപ്രദമായി വായിക്കാനും എഴുതാനും സംസാരിക്കാനുള്ള ശേഷി വികസിപ്പിക്കുക.
- തെറ്റില്ലാതെ അനായാസം ഇംഗ്ലീഷ് എഴുതാനുള്ള ശേഷി നേടൽ
- ഇംഗ്ലീഷ് രചനയിൽ പ്രാവീണ്യം നേടൽ
- ഒഴുക്കോടെ ആശയവ്യക്തതയോടെ വായിക്കണം.
- തെറ്റുകൂടാതെ ഉള്ളിലുള്ള ആശയങ്ങൾ എഴുതുക ,പറയുക സമർപ്പിക്കുക
- സംഖ്യാ വ്യാഖ്യാനത്തിൽ ശേഷികൾ നേടുക.
- ആവർത്തന സംഘലനമാണ് ഗുണനം എന്ന തിരിച്ചറിവിലൂടെ ഗുണനശേഷി നേടണം
- പരീക്ഷണങ്ങളിൽ ഏർപ്പെടാനും പരിസ്ഥിതി സ്നേഹിക്കാനും സാധിക്കണം.

# ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | പ്രവർത്തന വിശദീകരണം ചുമതലപ്പെട്ടവർ | നിർവഹണ കാലം |
|---|---|---|---|
| എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് ഫലപ്രദമായി വായിക്കാനും എഴുതാനും സംസാരിക്കാനുമുള്ള ശേഷി വികസിപ്പിക്കുക. | അസംബ്ലി | ടീച്ചർ അസംബ്ലിആഴ്ചയിൽ രണ്ടുദിവസം കുട്ടികൾ തന്നെ അസംബ്ലിയുടെ മുഴുവൻ പരിപാടികളും ഇംഗ്ലീഷിൽ അവതരിപ്പിക്കുക അധ്യാപകർ ഇംഗ്ലീഷിൽ സന്ദേശം നൽകൽ | ആഴ്ചയിൽ രണ്ടുദിവസം |
| തെറ്റില്ലാതെ അനായാസം ഇംഗ്ലീഷ് എഴുതാനുള്ള ശേഷി നേടൽ | ഡയറിയിൽ എഴുതുക | ഓരോ ദിവസവും വിദ്യാലയത്തിലും വീട്ടിൽ നടക്കുന്ന സംഭവങ്ങളുടെ ചുരുക്കം ഇംഗ്ലീഷിൽ ഡയറിയിൽ എഴുതുക<br><br>ഇംഗ്ലീഷ് അധ്യാപിക | ആഴ്ചയിൽ രണ്ടുദിവസം |
| ഇംഗ്ലീഷ് രചനയിൽ പ്രാവീണ്യം നേടൽ | കത്തിടപാട് | സ്കൂളിലെ ഒരു മാസത്തെ അക്കാദമിക പ്രവർത്തനങ്ങളുടെ വിശേഷങ്ങൾ മറ്റൊരു സ്കൂളിലെ കുട്ടികളുമായി കത്തിടപാടിലൂടെ പങ്കുവയ്ക്കൽ | മാസത്തിൽ ഒന്ന് വീതം |
| | കളികളിലൂടെയുള്ള ഭാഷാ പഠനം | ഇംഗ്ലീഷ് പദപ്രശ്നം നിർമ്മിക്കുന്നു കുട്ടികൾക്ക് ഉത്തരം കണ്ടെത്തുവാൻ നിശ്ചയസമയം നൽകുന്നു വിജയികളെ നറുക്കെടുപ്പിലൂടെ പ്രഖ്യാപിക്കുന്നു | പ്രതിമാസ പരിപാടി |
| | ഇംഗ്ലീഷ് പഠനാന്തരീക്ഷം സൃഷ്ടിക്കൽ | ക്ലാസ് മുറികളിൽ ഇംഗ്ലീഷ് പ്രസിദ്ധീകരണങ്ങൾ പുസ്തകങ്ങൾ എന്നിവയുടെ ശേഖരമൊരുക്കൽ കുട്ടികൾക്ക് കാണാവുന്ന വിധത്തിൽ ഒരു പൊതുസ്ഥലത്ത് ഭിത്തിയിൽ ഇംഗ്ലീഷ് വാക്കുകൾ പ്രദർശിപ്പിക്കുന്നതിനായി | |

| | | | |
|---|---|---|---|
| | | ബോർഡ് സ്ഥാപിക്കൽ | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | പ്രവർത്തന വിശദീകരണം ചുമതലപ്പെട്ടവർ | നിർവഹണ കാലം |
|---|---|---|---|
| ഒഴുക്കോടെയുള്ള വായന ആശയങ്ങളെ സുഗമമായി പ്രകടിപ്പിക്കൽ തെറ്റില്ലാതെ എഴുതാൽ വിവരണം ആസ്വാദനക്കുറിപ്പ് എന്നിവയിൽ മികവ് | ചിത്ര വായന അക്ഷരകാർഡ് വായന വായന കാർഡ് വായന | ചിത്ര കാർഡ് കുട്ടികൾക്ക് നൽകി വായിക്കുന്നു അക്ഷര കാർഡ് നൽകി വായിപ്പിക്കുന്നു വായന കാർഡുകൾ മാറിമാറി നൽകി വായിപ്പിക്കുന്നു ആവശ്യമായ ഇടപെടലുകൾ നടത്തുന്നു | ജൂൺ |
| | ചിത്രകഥകൾ കവിതകൾ കഥകൾ | ചെറുകഥകൾ ലഘു കവിതകൾ എന്നിവ സ്വതന്ത്ര വായന നടത്തിക്കണം ടീച്ചർ ആവശ്യമായ ഇടപെടൽ നടത്തണം | ജൂലൈ |
| | ക്ലാസ് ലൈബ്രറി പുസ്തക ശേഖരണം വായനാക്കുറിപ്പ് | പിറന്നാൾ സമ്മാനമായി കുട്ടികൾ സ്കൂളിലേക്ക് പുസ്തകങ്ങൾ നൽകുന്നു അതോടൊപ്പം വായനാക്കുറിപ്പും തയ്യാറാക്കുന്നു | ആഗസ്റ്റ് - സെപ്റ്റംബർ |
| | രക്ഷിതാക്കളുടെ വായന ബാലസഭ | പുസ്തകം വീട്ടിലെത്തിക്കുന്നു രക്ഷിതാക്കൾ കുട്ടിയോടൊപ്പം വായിക്കുന്നു സ്കൂളിൽ ബാലസഭയിൽ വിവിധ പരിപാടികൾ അവതരണം കുട്ടികൾ നടത്തുന്നു (ടീച്ചേഴ്സ് പിടിഎ ) | ഒക്ടോബർ നവംബർ |
| ഉള്ളിലുള്ള ആശയങ്ങളെ വിവിധതരത്തിൽ പ്രകടിപ്പിക്കുന്നു | രക്ഷിതാക്കളെ ഉൾപ്പെടുത്തി ശില്പശാല ഒരു കഥയെ വ്യത്യസ്ത തരത്തിൽ അവതരിപ്പിക്കുന്നു | അനുയോജ്യമായ കഥ തെരഞ്ഞെടുത്ത കുട്ടികൾക്ക് വായിക്കാൻ നൽകുന്നു രക്ഷിതാക്കളും കുട്ടികളും ഈ കഥയെ വിവിധ രൂപത്തിൽ പ്രകടിപ്പിക്കുന്നു കഥ വിവരിച്ച് പറയുന്നു എഴുതുന്നു കഥ ചുരുക്കി പറയുന്നു എഴുതുന്നു കഥയെ ചിത്ര രൂപത്തിൽ ആകുന്നു കഥയെ കവിതയാക്കുന്നു കഥയ്ക്ക് ആസ്വാദനക്കുറിപ്പ് എഴുതുന്നു നാടകം കഥാപ്രസംഗം ദൃശ്യാവിഷ്കാരം തുടങ്ങിയ തലത്തിലേക്ക് എത്തിക്കാൻ | ഡിസംബർ |

| | | | |
|---|---|---|---|
| | | ശ്രമിക്കുന്നു (ടീച്ചേഴ്സ് പുറത്തു നിന്നുള്ള മികച്ചവർ PTA പ്രസിഡന്റ്) | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | പ്രവർത്തന വിശദീകരണം ചുമതലപ്പെട്ടവർ | നിർവഹണ കാലം |
|---|---|---|---|
| വായനയെ ആസ്വാദന തലത്തിൽ എത്തിക്കൽ | വായനശാലയുമായി ബന്ധമുള്ള വായന കവിത കഥ രചന മത്സരങ്ങൾ കഥപറയൽ കവിതാലാപനം ആസ്വാദനക്കുറിപ്പ് | കുട്ടികളുടെ രചന ആലാപനത്തിലെ ശബ്ദ ഭംഗി താളഭംഗി ഇഷ്ട വരികൾ വിശദീകരണങ്ങൾ എന്നിവയുമായി സമീപത്തുള്ള വായനശാലയുമായി ബന്ധപ്പെട്ട ഈ പ്രവർത്തനങ്ങൾ നടത്തണം (ടീച്ചേഴ്സ് ലൈബ്രറി പ്രവർത്തകർ പിടിഎ അംഗങ്ങൾ മാതാപിതാക്കൾ ) | ജനുവരി ഫെബ്രുവരി |
| | ദൃശ്യാവിഷ്കാരം | തെരഞ്ഞെടുത്ത കഥയുടെ ദൃശ്യാവിഷ്കാരം സ്കൂളിന് പുറത്ത് ആളുകൾ കൂടുന്ന സ്ഥലത്ത് നടത്തുന്നു മികച്ച നിലവാരത്തിലെത്താൻ സാധിക്കുന്നു (ടീച്ചേഴ്സ് പിടിഎ ) | മാർച്ച് |

# ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | പ്രവർത്തന വിശദീകരണം ചുമതലപ്പെട്ടവർ | നിർവഹണ കാലം |
|---|---|---|---|
| വിവിധ ജാമിതീയ രൂപങ്ങൾ പരിചയപ്പെടൽ. അവയുടെ പ്രത്യേകതകൾ മനസ്സിലാക്കൽ | ജാമിതീയ രൂപം നിർമ്മാണം. ജാമിതീയ രൂപങ്ങളുടെ ശേഖരണം പ്രദർശനം | വിവിധങ്ങളായ ജാമിതീയ രൂപങ്ങളുടെ നിർമ്മാണം. ക്ലാസ് മുറിയിലും വീട്ടിലും കണ്ടുവരുന്ന ജാമിതീയ രൂപങ്ങളുടെ പട്ടികപ്പെടുത്തൽ, ജാമിതീയ രൂപങ്ങളുടെ ശേഖരണം പ്രദർശനം<br>PTA TEACHERS | ജൂൺ |

| | | | |
|---|---|---|---|
| സംഖ്യാ ബോധം | സ്ഥാനവില പോക്കറ്റ് മുത്തുകൾ അബാക്കസ് | തുടക്കത്തിൽ ആയിരം വരെയും പിന്നീട് ആയിരം മുതൽ പതിനായിരത്തിൽ താഴെ വരുന്ന വിവിധ സംഖ്യകൾ നൽകി അക്കങ്ങളുടെ സ്ഥാനവില പ്രകാരം അബാക്കസിൽ ചിത്രീകരണം ഒറ്റ പത്ത് നൂറ് ആയിരം എന്നി സ്ഥാനങ്ങളുടെ വ്യത്യാസം തിരിച്ചറിയുന്നു.<br>കുട്ടികൾക്ക് ഓരോ അക്കങ്ങൾ എഴുതിയ കാർഡ് നൽകി മൂന്നക്കം നാലക്കം സംഖ്യകൾ ഉണ്ടാക്കിക്കുന്നു .കുട്ടികൾ തനിയെ സംഖ്യകൾ ഉണ്ടാക്കുന്നു .വലിയ സംഖ്യ ഉണ്ടാക്കണമെങ്കിൽ ആയിരത്തിന്റെ സ്ഥാനത്ത് വലിയ അക്കം വേണമെന്ന് തിരിച്ചറിയുന്നു(Teachers) | ജൂലൈ |
| വിവിധ ജാമിതീയ രൂപങ്ങൾ പരിചയ പ്പെടൽ. അവയുടെ പ്രത്യേക തകൾ മനസ്സിലാ ക്കൽ | ജാമിതീയ രൂപം നിർമ്മാണം. ജാമിതീയ രൂപങ്ങളുടെ ശേഖരണം പ്രദർശനം | വിവിധങ്ങളായ ജാമിതീയ രൂപങ്ങളുടെ നിർമ്മാണം. ക്ലാസ് മുറിയിലും വീട്ടിലും കണ്ടുവരുന്ന ജാമിതീയ രൂപങ്ങളുടെ പട്ടികപ്പെടുത്തൽ, ജാമിതീയ രൂപങ്ങളുടെ ശേഖരണം പ്രദർശനം | ജൂൺ |
| സംഖ്യാ വ്യാഖ്യാ നം | കച്ചവട കണക്ക് കളി നോട്ടുകൾ | സ്കൂൾ ഉച്ചഭക്ഷണത്തിനായി ചെലവായ തുകകൾ പറയുന്നു ഈ തുക ഏതെല്ലാം തരത്തിൽ കടക്കാരൻ നൽകാൻ കഴിയും 2000, 500, 200, 100, 50, 20, 10, 5, 2, 1 എന്നി നോട്ടുകൾ കുട്ടികൾക്ക് നൽകി പ്രവർത്തനം തുടരുന്നു(Teachers) | ജൂലൈ, ആഗസ്റ്റ് |
| സങ്കലന ംവ്യവക ലനം ഗുണനം എന്നിവ യിൽ മികവ് | കച്ചവട കണക്ക് കളിനോട്ടുക ൾ | സ്കൂളിൽ പ്രതീകാത്മകമായ പലചരക്ക് കട ഒരുക്കുന്നു വിലവിവരം കാണിക്കുന്നു കുട്ടികൾ സാധനങ്ങൾ വാങ്ങുന്നു കണക്കുകൂട്ടി പണം നൽകൽ ബാക്കി ചോദിച്ചു വാങ്ങൽ ഈ പ്രവർത്തനം ടീച്ചറുടെ ഇടപെടലിലൂടെ ലഘുതലത്തിൽ നിന്നും ഉയർന്ന തലത്തിലേക്ക് എത്തിക്കുന്നു ആവർത്തന സംഘടന എന്ന ആശയം ഉറപ്പിക്കുന്നു(Teachers)<br>വീട്ടിൽ അച്ചൻ അമ്മ ബന്ധുക്കൾ എന്നിവരിൽ നിന്നും | സെപ്റ്റംബർ ഒക്ടോബർ നവംബർ<br>നവംബർ |

| | | | |
|---|---|---|---|
| | കടുക്ക സമ്പാദ്യം | കിട്ടുന്ന പണം കടുക്കയിൽ നിക്ഷേപിക്കുന്നു. ഇട്ട പണം എഴുതിവയ്ക്കുന്നു (നാണയം എണ്ണം തിരിച്ച് )ഓരോ കുട്ടിയും ഫെബ്രുവരി അവസാനം കടുക്കയിലെ ആകെത്തുക ഓരോനാണയവും എത്ര വീതം, തുക എന്നിവ ബുക്കിൽ രേഖപ്പെടുത്തി ക്ലാസിൽ അവതരണം (മാതാപിതാക്കൾ) | മുതൽ ഫെബ്രുവരി വരെ |
| ഭാരം നീളം | കുട്ടികളുടെ തൂക്കം ഉയരം വിവിധ യൂണിറ്റുകൾ പരിചയപ്പെട്ട ത് ഉറക്കൽ | ഓരോ കുട്ടിയുടെയും തൂക്കം ഊഹിച്ച് പറയൽ ക്ലാസിൽ തൂക്കം നോക്കി രേഖപ്പെടുത്തൽ നീളവും ഇതേ രീതിയിൽ ഊഹിച്ച് പറയൽ ശേഷം അളന്നെഴുതൽ പ്രവർത്തനം ടീച്ചറുടെ സഹായത്താൽ ഉയർന്ന തലത്തിൽ എത്തിക്കുന്നു (Teachers) | ഡിസംബർ |
| | പാൽ കണക്ക് | സ്കൂളിലെ പാലിന്റെ അളവ് ഉച്ചഭക്ഷണമായി ബന്ധപ്പെട്ട പരിചയപ്പെടുത്തുന്നു ഒരു ലിറ്ററിനെ പലതരത്തിൽ വ്യാഖ്യാനിക്കാം രണ്ട് 500 ml അഞ്ച് 200ml എന്നിങ്ങനെ തിരിച്ചറിയുന്നു (Teachers) | ജനുവരി |
| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **പ്രവർത്തന വിശദീകരണം ചുമതലപ്പെട്ടവർ** | **നിർവഹണ കാലം** |
| ഹരണം അടിസ്ഥാന ശേഷി നേടൽ | കച്ചവടം | പിടിഎ മാതാപിതാക്കൾ സമൂഹം എന്നിവരുടെ പങ്കാളിത്തത്തിൽ ശരിയായ സാധനങ്ങൾ ചന്തയിൽ നിന്നും വാങ്ങി സ്കൂളിൽ ഒരു സ്റ്റാൾ ഒരുക്കുന്നു വില വിവരം പ്രദർശിപ്പിക്കുന്നു കുട്ടികൾക്ക് ചാർജ് നൽകുന്നു പിടിഎ അംഗങ്ങൾ മേൽനോട്ടം വഹിക്കുന്നു കുട്ടികൾക്കും പുറത്തുനിന്നുള്ളവർക്കും സാധനങ്ങൾ വാങ്ങാം ഇതിലൂടെ കൂട്ടൽ കുറയ്ക്കൽ ഗുണനം ഹരണം സംഖ്യാ വ്യാഖ്യാനം താരതമ്യം ചെയ്യൽ കച്ചവടത്തിലെ ലാഭം നഷ്ടം എന്നിവർ തിരിച്ചറിയുന്നു ഗണിതത്തോടെ ഇഷ്ടം തോന്നിക്കുന്നു ഈ പ്രവർത്തനത്തിനായി പൊതുജനപങ്കാളിത്തം നേരത്തെ തന്നെ ഉറപ്പിക്കുന്നു ഉച്ചയ്ക്ക് വിഭവസമൃദ്ധമായ സദ്യ നൽകണം പഞ്ചായത്ത് അധികാരികളെ പങ്കെടുപ്പിക്കണം ഗണിതം ആഘോഷമാക്കി മാറ്റണം | മാർച്ച് |

# പരിസര പഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | പ്രവർത്തന വിശദീകരണം ചുമതലപ്പെട്ടവർ | നിർവഹണ കാലം |
|---|---|---|---|
| കുട്ടികളിൽ ശാസ്ത്രാവബോധം വളർത്തൽ പരീക്ഷണ നിരീക്ഷണ താൽപര്യം ഉണർത്തൽ | പ്രകൃതി നടത്തം | സ്കൂളിന്റെ പരിസരം കുട്ടികളും ടീച്ചേഴ്സ് നിരീക്ഷിച്ച ആവശ്യമായ വിവരങ്ങൾ ശേഖരണ ബുക്കിൽ രേഖപ്പെടുത്തൽ വിവിധയിനം സസ്യങ്ങൾ മണ്ണ് ജീവികൾ ഓരോന്നിനെക്കുറിച്ചും കൂട്ടതലായി വിവരങ്ങൾ വീണ്ടും ശേഖരിക്കണം(Teachers) | ജൂൺ ജൂലൈ |
| സ്വാതന്ത്ര്യസമരസേനാനികളെ തിരിച്ചറിയൽ ഇന്ത്യൻ ഭരണഘടന പരിചയപ്പെടൽ | | സ്വാതന്ത്ര്യസമരസേനാനികളെ തിരിച്ചറിയൽ പതിപ്പ് തയ്യാറാക്കൽ. ഇന്ത്യൻ ഭരണഘടന പരിചയപ്പെടൽ ഇന്ത്യൻ ഭരണഘടനയുടെ ആമുഖം അവതരണം (Teachers) | ആഗസ്റ്റ് |
| | സംസ്ഥാനങ്ങൾ | വളരുന്ന ഭൂപടം എന്ന ആശയം നടപ്പാക്കാനുള്ള വിവിധ പ്രവർത്തനങ്ങൾ ഇവിടെ നൽകുന്നഐഡിയുടെ സഹായത്തോടെ വിവിധ ജില്ലകളും അവയുടെ പ്രത്യേകതകളും തിരിച്ചറിയൽ(Teachers) | സെപ്റ്റംബർ |
| ചുറ്റുപാടുകൾ കൂട്ടതലായി തിരിച്ചറിയുന്നു | നമ്മുടെ ചുറ്റുപാടുമുള്ള പക്ഷികളെ പരിചയപ്പെ | പക്ഷികളുടെ നിരീക്ഷണക്കുറിപ്പ് തയ്യാറാക്കൽ പക്ഷികളുടെ ലോകത്തേക്ക് (തട്ടേക്കാട് പക്ഷി സങ്കേതത്തിലേക്ക് ഒരു യാത്ര) PTA | സെപ്റ്റംബർ |

| | | | |
|---|---|---|---|
| | ടൽ | | |
| കേരളത്തിന്റെ മഹത്തായ കലാ പാരമ്പര്യം തിരിച്ചറിയൽ | വിവിധ കലകൾ | പത്രം ടിവി മറ്റ് സാമൂഹ്യ മാധ്യമങ്ങൾ എന്നിവ വഴിയായി ഓരോ കലകളെയും തിരിച്ചറിയുന്ന ചിത്രങ്ങൾ ശേഖരിക്കുന്ന പതിപ്പ് ആൽബം എന്നിവ തയ്യാറാക്കുന്നു (Teachers) | ഒക്ടോബർ നവംബർ |
| പരസ്പര പങ്കാളിത്താ ഐക്യം | പഠനയാത്ര | ഏതെങ്കിലും പാരിസ്ഥിതിക പ്രാധാന്യമുള്ള സ്ഥലത്തേക്ക് സഹായത്താൽ പഠനയാത്ര നടത്തൽ യാത്രാവിവരണം കണ്ടെത്തിയ കാര്യങ്ങൾ മനോഭാവത്തിലെ മാറ്റം എന്നിവ രേഖപ്പെടുത്തൽ PTA | ഫെബ്രുവരി മാർച്ച് |